# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 748** **30/06/2011-ൽ മറുപടിക്ക്**

## വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി:
'' വി. എം. ഉമ്മർ മാസ്റ്റർ:
'' എം. പി. അബ്ദുസ്സമദ് സമദാനി:
'' പി. ഉബൈദുള്ള:

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്.
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ വിദ്യാഭ്യാസ ഗുണനിലവാരവും, പഠനസൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

എ) ഗുണനിലവാരവും, പഠനസൗകര്യങ്ങളും മെച്ചപ്പെടുത്താനായി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മുഴുവൻ അദ്ധ്യാപകർക്കും അവധിക്കാലത്ത് പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത പരിശീലനം പ്രധാനമായും പാഠപുസ്തകങ്ങളെ, പ്രത്യേകിച്ചും മാറിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയാണു നൽകി വരുന്നത്. ഇതിനു പുറമേ കൃത്യമായ ഇടവേളകളിൽ ശനിയാഴ്ച ദിവസങ്ങളിൽ ക്ലസ്റ്റർ പരിശീലനവും നൽകി വരുന്നുണ്ട്. ഏറ്റവും പിന്നോക്കം നിന്നിരുന്ന 107 സ്കൂളുകളിൽ തീവ്രകർമ്മ പരിപാടി (QEPR) നടപ്പിലാക്കി. തൽസ്ഥല അദ്ധ്യാപക സഹായങ്ങൾ (OSS) തുടങ്ങിയവ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു സഹായിച്ചിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി. QEPR സ്കൂളുകൾക്ക് 'ഒരുക്കം' പഠന സഹായി വിതരണം ചെയ്തു. ഇതുപോലെയുള്ള പഠനസഹായികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നൽകി.

സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ പരമാവധി പ്രവർത്തനങ്ങൾ നടത്തി. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ടി മേഖലയിലെ സ്കൂളുകൾക്ക് ടോയിലറ്റ് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചു. ലാബ്, ലൈബ്രറി എന്നിവയുടെ നവീകരണത്തിനു സഹായം നൽകി. കായിക വിദ്യാഭ്യാസ വികസനത്തിനു തെരഞ്ഞെടുത്ത സ്കൂളുകൾക്ക് ധനസഹായം നൽകി.

(......2)

ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ മുൻകാലങ്ങളിലെന്നപോലെ സമഗ്രമായ ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം, വിദ്യാഭ്യാസ പരമായി നിശ്ചിത ശതമാനത്തിൽ താഴെ നിൽക്കുന്ന സർക്കാർ സ്കൂളുകളിലെ വിദ്യാഭ്യാസ ഉന്നമനത്തിനായി റെമഡിയൽ കോച്ചിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതാണ്.

സംസ്ഥാനത്തെ വി.എച്ച്.എസ്. സ്കൂളുകളിലെ വി.എച്ച്.എസ്. ക്ലാസ്സുകളിലെ വിദ്യാഭ്യാസ ഗുണനിലവാരവും പഠന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അധിക കേന്ദ്ര സഹായമുപയോഗിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ കീഴിൽ എൻജിനീയറിംഗ്, അഗ്രികൾച്ചർ, ഫിഷറീസ്, ഹ്യൂമാനിറ്റീസ്, ബിസിനസ് & കൊമേഴ്സ് എന്നീ സ്ട്രീമുകളിൽ ഫിനിഷിങ്ങ് സ്കൂളുകൾ ആരംഭിക്കുന്നതിനും ലാബോറട്ടറികൾ നവീകരിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനും വേണ്ടി 2010-2011 വർഷത്തിൽത്തന്നെ സർക്കാർ ഭരണാനുമതി നൽകുകയും അവ നടപ്പിലാക്കുന്നതിന് പിന്നീട് 31.12.2011 വരെ സമയമനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തങ്ങൾ പഠിക്കുന്ന കോഴ്സിന്റെ ഭാഗമായുള്ള തൊഴിൽ പരിശീലനവും (ഓൺ ദ ജോബ് ട്രെയിനിംങ്ങ്),പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകളിലുള്ള പ്രവർത്തന പരിചയവും വി.എച്ച്.എസ്. വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയുടെ കാര്യത്തിൽ ഇതു സംബന്ധിച്ച് പ്രത്യേക പാക്കേജ് നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ടോ; | ബി) | ഉണ്ട്. |
| സി) | പഠന സൗകര്യം കുറവുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ ഹയർ സെക്കന്ററിക്ക് പുതിയ ബാച്ചുകൾ അനുവദിച്ചശേഷമുള്ള സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; | സി) | പുതിയ ബാച്ചുകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

(.....3)

| | | | |
|---|---|---|---|
| ഡി) | അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഹയർ സെക്കന്ററി പഠനത്തിനുള്ള സൗകര്യം ലഭ്യമായിട്ടുണ്ടോ; | ഡി) | ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ